പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3997 — 21.6.2019 -ൽ മറുപടിയ്ക്ക്

**കോതമംഗലം മണ്ഡലത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങൾ**

| ചോദ്യം<br>ശ്രീ.ആന്റണി ജോൺ : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | സ്വദേശികളും വിദേശികളുമായ വിനോദസഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനുവേണ്ടി ടൂറിസം വകുപ്പ് നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | എ) | സ്വദേശികളും വിദേശികളുമായ വിനോദസഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനുവേണ്ടി പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങൾ ആകർഷകമാക്കുന്നതിനും സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുന്നതിനും, പുത്തൻ സഞ്ചാരാനുഭവങ്ങൾ നൽകുന്നതിനുമായി പ്രസ്തുത കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി ഈ സർക്കാർ അധികാരമേറ്റതിനു ശേഷം നിരവധി പദ്ധതികൾക്ക് ടൂറിസം വകുപ്പ് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിലൂടെ ടൂറിസം കേന്ദ്രങ്ങളിൽ കണക്ടിവിറ്റി, കഫറ്റേറിയ, ഭിന്നശേഷിക്കാർക്കായി പ്രത്യേക സൗകര്യമൊരുക്കൽ, സുരക്ഷാ സംവിധാനങ്ങൾ, ലൈറ്റ്, പാർക്കിംഗ് സൗകര്യങ്ങൾ, താമസ സൗകര്യം, ശുചീകരണ പ്രവർത്തനങ്ങൾ, സാഹസിക വിനോദസഞ്ചാര പ്രവർത്തനങ്ങൾ, ബോട്ടിംഗ് സൗകര്യങ്ങൾ, ആശയ വിനിമയത്തിനായി ആധുനിക സംവിധാനങ്ങൾ എന്നിവയ്ക്കായി വിവിധ പദ്ധതികൾ ഇതിൽ ഉൾപ്പെടുന്നു. ലോകോത്തര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യമൊരുക്കുന്നതിന്റെ ഭാഗമായി ടൂറിസം കേന്ദ്രങ്ങളിൽ നൂതനമായ രീതിയിലുള്ള നിർമ്മാണ രീതികൾ പ്രാവർത്തികമാക്കുന്നതിനായി പുതിയ എംപാനൽഡ് ആർക്കിടെക്റ്റിനെ നിയമിച്ചിട്ടുണ്ട്. കൂടാതെ ടൂറിസം രംഗത്തെ പുത്തൻ കാൽവെയ്പിനായി സജ്ജമാക്കുന്നതിനായി എല്ലാ മേഖലയിലും സമഗ്രമായ മാറ്റത്തിനുമായി പുതിയ ടൂറിസം നയത്തിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിലൂടെ ടൂറിസം രംഗം കൂടുതൽ സജീവമാക്കുകയും കേരള ടൂറിസത്തെ കൂടുതൽ ആകർഷകമാക്കാൻ കഴിയുകയും ചെയ്യുക എന്നതാണ് ലക്ഷ്യം. |

| | | | |
|---|---|---|---|
| ബി) | ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനുവേണ്ടി കോതമംഗലം മണ്ഡലത്തിലെ ഭൂതത്താൻകെട്ട്, തട്ടേക്കാട് പക്ഷിസങ്കേതം, ഇടമലയാർ ഡാം പ്രദേശം, പൂയംകുട്ടി അടക്കമുള്ള കേന്ദ്രങ്ങളിൽ ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | ബി) | ടൂറിസം വകുപ്പ് നിലവിൽ "Development of Bhoothathankettu as a Tourist Destination in Kerala" എന്ന പദ്ധതിയാണ് പൂർത്തീകരിച്ചിരിക്കുന്നത്. അതിൽ Soft and Hard landscaping, View Tower, Tree House, Play Equipment, High Level Staying, Renovation of 2 Cottages, Electrical Yard lighting എന്നിവയാണ് ഉൾപ്പെട്ടിരിക്കുന്നത്. കൂടാതെ, Land scaping of Bhoothathankettu എന്ന പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. "Development of Bhoothathankettu" എന്ന മറ്റൊരു പദ്ധതി കെ.ടി.ഡി.സി മുഖേന പൂർത്തീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോതമംഗലം മണ്ഡലത്തിൽ ഉൾപ്പെട്ട ഭൂതത്താൻ കെട്ടിന്റെ വികസനത്തിന്റെ ഭാഗമായി നടന്നുവന്നിരുന്ന കേന്ദ്ര പദ്ധതിയുടെ ബാക്കി പ്രവൃത്തികൾ ചെയ്യുന്നതിനായി 2,35,40,000/-രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| സി) | കോതമംഗലം മണ്ഡലത്തിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളായ ഭൂതത്താൻ കെട്ട്,തട്ടേക്കാട് പക്ഷിസങ്കേതം, ഇടമലയാർ ഡാം പ്രദേശം, പൂയംകുട്ടി മേഖലകളിലടക്കം പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ എന്തെങ്കിലും പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കാമോ; | സി) | 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ബഡ്ജറ്റിൽ ഉൾപ്പെടുത്തി Balance work in connection with the development of Bhothathankettu as a Tourist destination in Kerala എന്ന പദ്ധതിക്ക് വേണ്ടി 2,35,40,000/-രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പുതിയ പദ്ധതികൾ നിലവിൽ പരിഗണനയിലില്ല. |
| ഡി) | സ്വദേശിയരും വിദേശിയരുമായ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന്റെ ഭാഗമായി കോതമംഗലം മണ്ഡലത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | ഡി) | പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള സാദ്ധ്യതയും അവ നടപ്പിലാക്കുന്നതിനുള്ള സ്ഥലവും ലഭിക്കുന്ന മുറയ്ക്ക് അവ പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ